Kerala Catholic Federation
Central Office: POC, Palarivattom, Kochi-25.
Email: catholicfederation@gmail.com

All Kerala Press Release 21.1.2017

## വിദ്യാർത്ഥി സമരങ്ങളുടെ അക്രമമുഖം സംസ്കാര ശൂന്യത: കേരള കാത്തലിക് ഫെഡറേഷൻ

കൊച്ചി: വിദ്യാർത്ഥി സമരങ്ങളിലെ അക്രമമാർഗം അപലപനീയവും സംസ്കാര ശൂന്യവുമാണെന്ന് കേരള കാത്തലിക് ഫെഡറേഷൻ സെക്രട്ടറിയേറ്റ് യോഗം വിലയിരുത്തി. പൊതുമുതലും വിദ്യാഭ്യാസ സ്ഥാപനങ്ങളും അടിച്ചുതകർക്കുന്നത് സമരത്തിന് ശക്തിപകരുന്നതല്ല. പ്രിൻസിപ്പലിന്റെ കസേര കത്തിച്ച് പ്രതികരിച്ച രീതി സമരങ്ങളുടെ ധാർമിക അധഃപതനത്തെയാണ് സൂചിപ്പിക്കുന്നത്. വിദ്യാഭ്യാസസ്ഥാപനങ്ങളിലുണ്ടാകുന്ന വീഴ്ചകൾക്ക് പരിഹാരമുണ്ടാക്കുകയും കുറ്റക്കാരെ ശിക്ഷിക്കുകയും വേണം. എന്നാൽ അതിനുവേണ്ടി അക്രമമാർഗം പ്രോത്സാഹിപ്പിക്കരുതെന്നും കെസിഎഫ് സെക്രട്ടറിയേറ്റ് യോഗം ആവശ്യപ്പെട്ടു.

കണ്ണൂരിലെ തുടർച്ചയായ രാഷ്ട്രീയ കൊലപാതകങ്ങൾ അവസാനിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ ശക്തമായ നടപടികൾ സ്വീകരിക്കുന്നില്ലായെന്ന് യോഗം വിലയിരുത്തി. സർക്കാരിന് സംഭവിച്ചിട്ടുള്ള വീഴ്ചയാണ് രാഷ്ട്രീയ കൊലപാതകങ്ങൾ തുടർച്ചയാകുന്നതിന് കാരണം. സാധാരണക്കാരായ പ്രവർത്തകരുടെ ജീവൻ ഇല്ലാതാക്കുന്നതിനും അക്രമങ്ങളിലേക്ക് പ്രവർത്തകരെ തള്ളിവിടുന്നതിനും രാഷ്ട്രീയ നേതൃത്വം ശ്രമിക്കരുത്. സംസ്ഥാന സ്കൂൾ യുവജനോത്സവത്തിനു പോലും മങ്ങലേല്ക്കുന്ന രീതിയിൽ അക്രമവും ഹർത്താലും കണ്ണൂരിലുണ്ടായത് കേരളത്തിന്റെ അന്തസ്സിനും സംസ്കാരത്തിനും ചേർന്നതല്ല.

കെസിബിസി അല്മായ കമ്മീഷൻ ചെയർമാൻ ബിഷപ് ജോഷ മാർ ഇഗ്നാത്തിയോസ് യോഗം ഉദ്ഘാടനം ചെയ്തു. കെസിഎഫ് പ്രസിഡന്റ് ഷാജി ജോർജ് അധ്യക്ഷനായിരുന്നു. ജനറൽ സെക്രട്ടറി മോൺസൺ കെ. മാത്യു, ഫാ. ജോൺ തുണ്ടിയിൽ ഭാരവഹികളായ ഡോ. ജോസുകുട്ടി ഒഴുകയിൽ, പി. കെ. ജോസഫ്, മൈക്കിൾ പി. ജോൺ, ടോമിച്ചൻ അയർകുളങ്ങര, പ്രഷീല ബാബു, ജോസ് മൂലയിൽ, ബാബു മാത്യു, തോമസ് ചെറിയാൻ എന്നിവർ യോഗത്തിൽ പ്രസംഗിച്ചു.

**ഷാജി ജോർജ്**
കെസിഎഫ് പ്രസിഡന്റ്